(1)	(2)	(3)
ബ്രഹ്മപുരം ഡീസൽ പ്രോജക്ട്	106.6 മെ.വാ.	47,125.96
കോഴിക്കോട് ഡീസൽ പ്രോജക്ട്	128 മെ.വാ.	40,221.27
കായംകുളം എൻറ്റിപിസി	350 മെ.വാ.	
ബി.എസ്.ഇ.എസ്.	157 മെ.വാ.	

സചിവോത്തമപുരം കോളനിയിലൂടെയുള്ള വൈദ്യുതി ലൈൻ

28 (*58) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ സചിവോത്തമപുരം കോളനിയിലെ വൈദ്യുതി ലൈൻ വലിക്കുന്നതിനെതിരെ കോളനി നിവാസികൾ നിവേദനം നൽകിയത് എന്നാണ്;

(ബി) നിവേദനത്തിലെ ആവശ്യങ്ങൾ എന്തെല്ലാം;

(സി) ഇത് സംബന്ധിച്ച് വൈദ്യുതി ബോർഡ് എടുത്ത തീരുമാനം എന്താണ്;

(ഡി) നേരത്തെ എടുത്ത തീരുമാനം ഇപ്പോൾ മാറ്റിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പുതുതായി എടുത്ത തീരുമാനം എന്താണ്;

(എഫ്) പുതിയ തീരുമാനം എടുക്കാനുള്ള സാഹചര്യം എന്താണ്;

(ജി) കോളനി നിവാസികളുടെ ശക്തമായ എതിർപ്പിനെ അവഗണിച്ച് അധികാരികളുടെ നടപടിക്ക് എതിരെ ശ്രീധരൻ എന്ന വ്യക്തി ആത്മാഹുതി ചെയ്ത കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(എച്ച്) ആത്മാഹുതി ശ്രമത്തിനിടയിൽ എത്ര പേർക്ക് പരിക്ക് പറ്റി എന്ന് വ്യക്തമാക്കാമോ;

(ഐ) മരിച്ച ശ്രീധരന്റെ കുടുംബത്തിന് ഇലക്ട്രിസിറ്റി ബോർഡ് നഷ്ട പരിഹാരം നൽകുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) കോളനി അസോസിയേഷനു വേണ്ടി ശ്രീ.സി.പി.രാജപ്പന്റെ പരാതി 15-11-1998-ൽ ബോർഡിൽ ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോളനിയിലെ റോഡിന് ആറടി മാത്രമേ വീതിയുള്ളൂ എന്നും ഫലപുഷ്ടിയുള്ള മരങ്ങളും മറ്റും വെട്ടി മാറ്റേണ്ടി വരുമെന്നതിനാൽ 11 കെ.വി. ലൈൻ പ്രസ്തുത റോഡിൽ കൂടി വലിക്കാൻ പറ്റില്ലെന്നും, വേണമെങ്കിൽ കോളനിയുടെ പടിഞ്ഞാറുഭാഗത്തുള്ള ഇടവഴിയിലൂടെ പുതുതായി പോസ്റ്റുകൾ സ്ഥാപിച്ച് ലൈൻ വലിക്കാവുന്നതാണെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നു.

(സി) കോളനി റോഡിൽ നിലവിലുള്ള എൽ.ടി.ലൈൻ എച്ച്.ടി.ലൈനാക്കി മാറ്റി 11 കെ.വി. ലൈൻ വലിക്കാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ആയതിലേക്ക് നിലവിലുള്ള 7 മീ/ 8 മീ.എൽ.ടി. പോസ്റ്റുകൾ മാറ്റി 9 മീ പി.എസ്.സി. പോസ്റ്റുകൾ സ്ഥാപിക്കണം. നിലവിൽ ഒരു ലൈൻ ഉള്ളതിനാൽ വെട്ടി മാറ്റേണ്ട മരങ്ങളും ശാഖകളും പുതുതായി ഒരു എച്ച്.ടി.ലൈൻ സ്ഥാപിക്കുന്നതിനെ അപേക്ഷിച്ച് കുറവായിരിക്കും. മാത്രമല്ല, നിലവിലുള്ള പഴകി ദ്രവിച്ച ഇരുമ്പു പോസ്റ്റുകൾ മാറ്റപ്പെടുകയും ചെയ്യും. നിവേദനത്തിൽ നിർദ്ദേശിച്ച ഇടവഴി പ്രസ്തുത റോഡിനേക്കാൾ വീതി കുറഞ്ഞതും ധാരാളം മരങ്ങൾ ഉള്ളതും നീളം കൂടിയതുമാണ്. ആയതിനാൽ നിലവിൽ പിൻതുടരുന്ന മാർഗ്ഗങ്ങളനുസരിച്ച് കോളനി റോഡിലൂടെ തയ്യാറാക്കിയ എസ്റ്റിമേറ്റാണ് കൂടുതൽ പ്രായോഗികമെന്ന് തീരുമാനിക്കുകയും ഇത്തരത്തിൽ ഒരു മറുപടി കുറിച്ചി സെക്ഷനാഫീസിൽ നിന്ന് 16-11-1998-ൽ നൽകുകയുണ്ടായി. തടസ്സം നിലനിന്നിരുന്നതിനാൽ അത് പരിഹരിക്കുന്നതിന് ജില്ലാ മജിസ്ട്രേറ്റിന്റെ പരിഗണനക്കായി വിട്ടു.

(ഡി) കെ.എസ്.ഇ.ബി അംഗീകരിച്ച റൂട്ടിലെ തടസ്സം ജില്ലാ കളക്ടർ തന്റെ ഉത്തരവിലൂടെ നീക്കുകയും കോടതിയുടെ നിർദ്ദേശ പ്രകാരം ജില്ലാ കളക്ടർ തന്റെ ഉത്തരവ് പുന:പരിശോധിക്കുകയും സ്ഥിതീകരിക്കുകയുമാണുണ്ടായത്. കോടതിയുടെ വിധി നടപ്പാക്കാനാണ് പ്രസ്തുത റൂട്ട് വഴി പണി ആരംഭിച്ചത്. കോടതിയുടെ നിർദ്ദേശമില്ലാതെ തീരുമാനം മാറ്റാൻ നിർവാഹമില്ല.

(ഇ& എഫ്) കോടതി ഉത്തരവ് നിലനിൽക്കുന്നതിനാൽ ബോർഡ് പുതുതായി തീരുമാനമൊന്നും എടുത്തിട്ടില്ല.

(ജി) ഉണ്ട്.

(എച്ച്) അറിയില്ല.

(ഐ) നിലവിലുള്ള നിയമം അനുസരിച്ച് നഷ്ടപരിഹാരത്തിന് അർഹതയില്ല.

നീതി മെഡിക്കൽ സ്റ്റോറുകളെ അട്ടിമറിക്കാനുള്ള നീക്കം തടയുന്നതിന് നടപടി

29 (*59) ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly